بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 02.01.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*02.01.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**അഞ്ചുനേരത്തെ നമസ്കാരം നിബന്ധനകളോടെ നമസ്കരിക്കാൻ പുരുഷന്മാരോട് പറഞ്ഞതിന്റെ ഉദ്ദേശ്യം മസ്ജിദിൽപോയി ജമാഅത്തായിട്ട് നമസ്കരിക്കുക എന്നാണ്. അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുകയാണെങ്കിൽ നമ്മുടെ മസ്ജിദുകൾ നമസ്കാരക്കാരെക്കൊണ്ട് നിറയുന്നതായിരിക്കും. ഔദ്യോഗിക ഭാരവാഹികൾ മാത്രം അതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയാൽ ഒരുപാട് വ്യത്യാസമുണ്ടാകുന്നതാണ്. നമസ്കാരത്തിൽനിന്ന് വിടുതൽ ആഗ്രഹിക്കുന്നവൻ മൃഗങ്ങളെക്കാളുപരി എന്താണ് ചെയ്യുന്നത്. അവനും മൃഗവും തമ്മിൽ ഒരു വ്യത്യാസവുമില്ല.**

തശഹ്ഹുദും തഅവ്വുദും തസ്മിയയും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു: പുതുവർഷമായ 2015 ലെ ആദ്യത്തെ ജുമുഅ ഖുത്ബയാണ് ഇന്നത്തേത്. എനിക്ക് വിവിധ ആളുകളിൽനിന്ന് പുതുവത്സരാശംസകൾ അടങ്ങിയ സന്ദേശങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഈ പുതുവർഷം നിങ്ങൾക്കെല്ലാവർക്കും അനുഗൃഹീതമായി ഭവിക്കട്ടെ. അതിനോടൊപ്പം കഴിഞ്ഞ വർഷം അഹ്മദി എന്ന നിലയിൽ നമ്മൾ നമ്മുടെ കടമ എത്രത്തോളം നിറവേറ്റിയെന്നും ആ കടമ നിറവേറ്റുന്നതിനുവേണ്ടി വരും വർഷം എത്രത്തോളം പരിശ്രമിക്കേണ്ടിവരുമെന്നുമുള്ള ആത്മ പരിശോധന നടത്തുമ്പോഴാണ് പരസ്പരം ആശംസകൾ നേരുന്നതിന്റെ ഫലം നമുക്ക് കിട്ടുന്നതെന്നും ഞാൻ പറയും. അതുകൊണ്ട് ഈ ജുമുഅ മുതൽ ഈ വർഷത്തിൽ പ്രസ്തുത കടമ നിറവേറ്റുന്നതിന് ഉത്സാഹത്തിന്റേയും അധ്വാനത്തിന്റേയും സാഹചര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുമെന്ന മനോഭാവം നിശ്ചയിച്ചുറപ്പിക്കേണ്ടതാണ്. ഒരു അഹ്മദി എന്ന നിലയിൽ നമ്മളിൽ അർപിതമായിരിക്കുന്ന ജോലിയോടുള്ള കടമ നന്മകൾ ചെയ്യുന്നതിലൂടെ മാത്രമേ നിറവേറ്റപ്പെടുകയുള്ളു എന്നത് പ്രകടമാണ്. എന്നാൽ, എന്തായിരിക്കണം ആ നന്മകളുടെ നിലവാരം? അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിശദീകരിച്ചിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. ഇപ്പോൾ ആധുനികമായ മാർഗങ്ങളും സാങ്കേതിക വിദ്യകളും മുഖേന വർഷത്തിൽ ഓരോ വ്യക്തിയും കുറഞ്ഞത് ഒരു പ്രാവശ്യം കാലത്തിന്റെ ഖലീഫയുടെ കൈയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)വിശദീകരിച്ചിട്ടുള്ള നിലവാരങ്ങൾ കരസ്ഥമാക്കാൻ പൂർണമായും പരിശ്രമിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. പറയുമ്പോൾ ഇത് ബയ്അത്തിന്റെ 10 നിബന്ധനകളാണ്. പക്ഷേ, ഒരു അഹ്മദി എന്ന നിലയിൽ അവയിൽ ഏല്പിച്ചിട്ടുള്ള ഉത്തരവാദങ്ങളുടെ എണ്ണം ഏറ്റവും വലുതായിട്ടുള്ളതെടുത്താലും മുപ്പതിലേറെയുണ്ട്.

അതുകൊണ്ട് നമ്മൾ നമ്മളുടെ വർഷങ്ങളുടെ സന്തോഷങ്ങളെ യഥാർഥമായ നിലയിൽ ആഘോഷിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഇക്കാര്യങ്ങൾ മുമ്പിൽവെക്കേണ്ട ആവശ്യമുണ്ട്. അല്ലാതെ അഹ്മദീ എന്ന് പറഞ്ഞ്, 'ഞാൻ ഈസാ നബി മരിച്ചുപോയെന്ന് വിശ്വസിക്കുന്നു, പ്രവചനം ചെയ്യപ്പെട്ട മസീഹിനെ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു'എന്ന് പറഞ്ഞാൽ മാത്രം പോര. അത് ആദ്യപടിയാണെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, നമ്മൾ നന്മകളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അത് മനസ്സിലാക്കി പ്രവർത്തിക്കുകയും ക്രൂരമൃഗങ്ങളെ കണ്ടിട്ട് സ്വയം രക്ഷിക്കാൻ ശ്രമിക്കുന്നതുപോലെ തിന്മകളിൽനിന്ന് സ്വയം രക്ഷിക്കുകയും ചെയ്യണമെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത്. ഇതുണ്ടാകുമ്പോൾ നമ്മൾ നമ്മുടെ അവസ്ഥകളിൽ മാറ്റംകൊണ്ടുവരുന്നവരാകുന്നതാണ്. എന്നല്ല ലോകത്തെ മാറ്റുന്നതിനും അല്ലാഹുവിന്റെ സമീപത്ത് കൊണ്ടുവരുന്നതിനുമുള്ള മാർഗമായിത്തീരുന്നതുമാണ്. എന്തായാലും ഇക്കാര്യങ്ങളുടെ ഓർമപ്പെടുത്തൽ അല്ലെങ്കിൽ ചെറിയൊരു വിശദീകരണം ഇന്ന് ഞാൻ നല്കുന്നതാണ്. ഈ ഓർമപ്പെടുത്തൽ അങ്ങേയറ്റം അനിവാര്യമായ കാര്യമാണ്. നമ്മുടെ ബയ്അത്തിന്റെ ഉദ്ദേശ്യം എപ്പോഴും നമ്മുടെ മുമ്പിൽ വന്നുകൊണ്ടിരിക്കേണ്ടതാണ്.

ഒന്നാമതായി ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്ന് വാങ്ങിയ പ്രതിജ്ഞ സൃഷ്ടിപൂജയിൽനിന്ന് ദൂരപ്പെട്ടിരിക്കും എന്നതാണ്. അതിസൂക്ഷ്മമായ സൃഷ്ടിപൂജയിലേക്കാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ബാഹ്യമായിട്ടുള്ളതല്ല. പ്രത്യുത ഒരു വിശ്വാസിയുടെ ഈമാനിനെ ബലഹീനമാക്കിക്കളയുന്ന ഗുപ്തമായിട്ടുള്ള സൃഷ്ടിപൂജയാണ്. അത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു: 'നാവുകൊണ്ട് കേവലം ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറയുകയും മനസ്സിൽ ആയിരക്കണക്കിന് ബിംബങ്ങൾ കുടിയിരുത്തുന്നതിന്റേയും പേരല്ല തൗഹീദ് അഥവാ ഏകദൈവവിശ്വാസം. എന്നല്ല ആരാണോ തന്റെ ജോലിക്കും ചതിക്കും വഞ്ചനക്കും തന്ത്രങ്ങൾക്കും അല്ലാഹുവിനുകൊടുക്കുന്നതുപോലെ മഹത്ത്വം കൊടുക്കുന്നത് അല്ലെങ്കിൽ അല്ലാഹുവിൽ വിശ്വസിക്കുന്നതുപോലെ ഏതെങ്കിലും മനുഷ്യനിൽ വിശ്വാസമർപിക്കുന്നത് അതുമല്ലെങ്കിൽ അല്ലാഹുവിനുകൊടുക്കേണ്ട മഹത്ത്വം സ്വാത്മാവിന് നല്കുന്നത് അവൻ എല്ലാവിധത്തിലും അല്ലാഹുവിന്റെ പക്കൽ സൃഷ്ടി ആരാധകനാണ്. വെള്ളി, പിച്ചള, കല്ല് തുടങ്ങിയ സാധനങ്ങൾകൊണ്ട് ഉണ്ടാക്കുകയും അവയിൽ വിശ്വാസമർപിക്കുകയും ചെയ്യുക മാത്രമല്ല ബിംബാരാധന. മറിച്ച് അല്ലാഹുവിന് അവകാശപ്പെട്ട മഹത്ത്വം ഒരു വസ്തുവിനോ വാക്കിനോ കർമത്തിനോ നല്കുന്നതും അല്ലാഹുവിന്റെ പക്കൽ ബിംബാരാധനയാണ്.'

അതുകൊണ്ട് ഇന്ന് നമുക്ക് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. അതായത് കഴിഞ്ഞ വർഷം നമ്മൾ ഈ ഏർപാടുകളേയും തന്ത്രങ്ങളേയും അവലംബമാക്കുകയും അവയെ എല്ലാമെല്ലാമായിട്ട് മനസ്സിലാക്കുകയുമാണോ ചെയ്തത്. അതല്ല ഇക്കാര്യങ്ങൾ വെറും തന്ത്രമെന്ന നിലയിൽ ഉപയോഗിക്കുകയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ട് ഈ തന്ത്രങ്ങളിൽനിന്ന് അല്ലാഹുവിന്റെ നന്മയും അനുഗ്രഹവും ആഗ്രഹിക്കുകയുമാണോ ചെയ്തത്. നീതിപൂർവമായ സ്വന്തം പരിശോധന നമുക്ക് നമ്മുടെ പ്രതിജ്ഞയുടെ യാഥാർഥ്യം പറഞ്ഞു തരുന്നതാണ്.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് വാങ്ങിയ പ്രതിജ്ഞ കളവ് പറയുകയില്ല എന്നതാണ്. ശ്രേഷ്ഠമായ സ്വഭാവമെന്നു പറയുന്നത് ജീവനും സ്വത്തും അഭിമാനവും അപകടത്തിലായിരിക്കുമ്പോഴും കളവ് പറയാതിരിക്കുകയും സത്യത്തിന്റെ കോന്തല വിടാതിരിക്കുകയും ചെയ്യുക എന്നതാണ്. വ്യക്തിപരമായ നേട്ടങ്ങൾ സത്യത്തിനുവേണ്ടി ബലിയർപിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'കളവും ഒരു ബിബമാണ്. അതിൽ വിശ്വാസമർപിക്കുന്നവൻ അല്ലാഹുവിലുള്ള വിശ്വാസത്തെ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.' അതിസൂക്ഷ്മമായ ആത്മപരിശോധന നടത്തേണ്ട ആവശ്യമാണ് ഇന്നുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് വാങ്ങിയ മറ്റൊരു പ്രതിജ്ഞ വ്യഭിചാരത്തിൽനിന്ന് ദൂരപ്പെട്ടിരിക്കും എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'വ്യഭിചാരംകൊള്ള അടുക്കരുത്. അതായത് അതിന്റെ വിചാരമുണ്ടാകാനിടയുള്ള പരിപാടികളിൽനിന്നെല്ലാം അകന്നിരിക്കുക. ആ പാപങ്ങൾ സംഭവിക്കാനിടയുള്ള എല്ലാവഴികളും ഉപേക്ഷിക്കുക.' ഇക്കാലത്ത് ടീ.വിയും ഇന്റർനെറ്റുമുണ്ട്. അതിൽ അസഭ്യമായ സിനിമകൾ വരുന്നു. അല്ലെങ്കിൽ ടീ.വി തുറക്കുമ്പോൾ പുറത്തുവരുന്നു. അത് ദൃഷ്ടികൾകൊണ്ടുള്ള വ്യഭിചാരമാണ്. ചിന്തകൾകൊണ്ടുള്ള വ്യഭിചാരമാണ്. തിന്മകളിൽ അകപ്പെടുത്താനുള്ള വഴിയുമാണ്. വീടുകൾ ശിഥിലമാകാനുള്ള കാരണവുമാണ്. ഈ സമൂഹത്തിൽ ജീവിച്ചുകൊണ്ട് ഈ വൃത്തികേടിൽനിന്ന് രക്ഷിക്കാൻ സ്വയം ശ്രമിച്ചില്ലെങ്കിൽ പിന്നീട് പരിശുദ്ധിയുടെ ജാമ്യം നല്കാൻ പറ്റുകയില്ല. അതുകൊണ്ട് ഇതിനെക്കുറിച്ചും വളരെ ചിന്തയോടെ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്.

ദുർന്നോട്ടത്തിൽനിന്ന് സുരക്ഷിതനാകാൻ ശ്രമിക്കുമെന്ന പ്രതിജ്ഞയും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്നെടുത്തിട്ടുണ്ട്. ദുർന്നോട്ടത്തിന്റെ അവസരംതന്നെ ഉണ്ടാകാതിരിക്കാനാണ് അല്ലാഹു വിശുദ്ധഖുർആനിൽ ദൃഷ്ടികൾ കീഴ്പ്പോട്ടാക്കാൻ കല്പിച്ചിട്ടുള്ളത്. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ള വസ്തുക്കളെ നോക്കുന്നതിനു പകരം താഴോട്ട് നോക്കി നടക്കുന്ന കണ്ണിനു മേൽ അഗ്നി നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'അന്യസ്ത്രീകളേയും അവരുടെ സൗന്ദര്യം പ്രകടമാകുന്ന സ്ഥാനത്തേയും ഒരിക്കലും നോക്കരുതെന്ന് നമ്മൾ താക്കീതു ചെയ്യപ്പെട്ടിരിക്കുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'സ്വതന്ത്രമായ ദൃഷ്ടിയാൽ മനുഷ്യൻ ഏതെങ്കിലും നേരത്ത് വഞ്ചിതനാകാവുന്നതാണ്. നമ്മുടെ കണ്ണുകളും മനസ്സുമെല്ലാം സംശുദ്ധമായിരിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് അവൻ ഈ ശ്രേഷ്ഠകരമായ അധ്യാപനം നമുക്ക് നല്കിയിട്ടുള്ളത്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'നിബന്ധനകൾ പാലിക്കൽ ഇസ്‌ലാം സ്ത്രീക്കും പുരുഷനും നിർബന്ധമാക്കിയിരിക്കുന്നു. പർദ ധരിക്കാനുള്ള കല്പന സ്ത്രീകൾക്കുള്ളതുപോലെ തന്നെ പുരുഷന്മാരോടും ദൃഷ്ടികൾ കീഴ്പ്പോട്ടാക്കാൻ താക്കീതുചെയ്തു കല്പിച്ചിരിക്കുന്നു. നമ്മൾ ഇതനുസരിച്ച് എത്രത്തോളം പ്രവർത്തിക്കുന്നുണ്ടെന്ന് ചിന്തിക്കേണ്ടതാണ്.

എല്ലാ ഓരോ പാപങ്ങളിൽനിന്നും കുറ്റകൃത്യങ്ങളിൽ നിന്നും രക്ഷപ്പെട്ടിരിക്കുന്നതാണെന്ന പ്രതിജ്ഞയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്ന് വാങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ കല്പനകളിൽനിന്ന് പുറത്തുപോകുന്നതാണ് പാപം. നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു: 'ചീത്തവിളിക്കുന്നത് പാപമാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ പറഞ്ഞു:'നിഷേധികളെക്കാൾ മുമ്പേ ആജ്ഞാലംഘകർക്ക് ശിക്ഷനല്കേണ്ടതാണെന്ന് ഖുർആനിൽ നിന്ന് സ്ഥാപിതമാകുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:'ഇവർ അതായത് മുസ്‌ലീംകൾ പാപങ്ങളിലും കുറ്റകൃത്യങ്ങളിലും അതിരുകടക്കാൻ തുടങ്ങിയപ്പോൾ, അല്ലാഹുവിന്റെ കല്പനകളെ നിന്ദിക്കാനും അവന്റെ ചിഹ്നങ്ങളെ വെറുക്കാനും തുടങ്ങിയപ്പോൾ, ദുൻയാവിലെ ആഢംബരങ്ങളിലും അലങ്കാരങ്ങളിലും മുഴുകി തങ്ങളെ നഷ്ടപ്പെടുത്തിയപ്പോൾ അല്ലാഹു അവരെ ഹലാക്കുഖാൻ, ചങ്കിസ്ഖാൻ എന്നിവരെക്കൊണ്ട് നശിപ്പിച്ചുകളഞ്ഞു. ഇക്കാലത്തും മുസ്‌ലീംകളുടെ അവസ്ഥ അതുതന്നെയാണ്.

പിന്നീട് അക്രമം ചെയ്യുകയില്ലെന്നുള്ള പ്രതിജ്ഞയും ഹദ്റത്ത് മസീഹ് മൗഊദ്(അ)വാങ്ങി. അക്രമം അങ്ങേയറ്റം വലിയൊരു പാപമാണ്. ആരുടെയെങ്കിലും അവകാശം തെറ്റായ രീതിയിൽ കൈവശപ്പെടുത്തുന്നത് വളരെ വലിയ അക്രമമാണ്. ഏറ്റവും വലിയ അക്രമമേതെന്ന് നബി(സ)തിരുമേനിയോടു ചോദിച്ചപ്പോൾ പറഞ്ഞു: 'ആരെങ്കിലും തന്റെ സഹോദരന്റെ അവകാശത്തിലുള്ള ഒരു മുഴം സ്ഥലം കൈവശപ്പെടുത്തുന്നതാണ് ഏറ്റവും വലിയ അക്രമം.' നബി(സ)പറഞ്ഞു: 'അവൻ അക്രമത്തിന്റെ വഴിയിലൂടെ തട്ടിയെടുത്ത ആ സ്ഥലത്തുള്ള ചെറിയ കല്ലുപോലും -അതിന്റെ കീഴ്പോട്ട് എത്ര സ്ഥലമുണ്ടെന്ന് അല്ലാഹുവാണ് അറിയുന്നത്, അതുകൊണ്ട് ഒരു വളയമുണ്ടാക്കുകയും അത് അവന്റെ കഴുത്തിൽ ഇടുകയും ചെയ്യുന്നതാണ്.' അതിനാൽ ഭയപ്പെടേണ്ട സ്ഥാനമാണിത്. കേസുകളിൽ തൻപ്രമാണിത്തംകൊണ്ടോ വ്യക്തിപരമായ നേട്ടങ്ങൾ കരസ്ഥമാക്കുന്ന കാരണത്താലോ ജനങ്ങളുടെ അവകാശം കൈവശപ്പെടുത്തുന്നവർ ചിന്തിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്ന് വിശ്വാസവഞ്ചന ചെയ്യുകയില്ലെന്ന പ്രതിജ്ഞയും വാങ്ങുകയുണ്ടായി. വിശ്വാസവഞ്ചന കാണിക്കാതിരിക്കുക എന്നതിന്റെ നിലവാരവും നബി(സ)തിരുമേനി പറഞ്ഞു:'നിങ്ങളോട് വിശ്വാസവഞ്ചന കാണിച്ചിട്ടുള്ളവരോടും നിങ്ങൾ അത് കാണിക്കാൻ പാടില്ല.' ഈ നിലവാരമാണ് നമ്മൾ കരസ്ഥമാക്കേണ്ടത്. പറഞ്ഞു:'വിശ്വാസവഞ്ചനയുടെ വിചാരംപോലും മുഅ്മിന്റെ വിശ്വാസത്തിന്റെ അടിത്തറയെ പിടിച്ചുകുലുക്കിക്കളയുന്നു.'

പിന്നീട് നമ്മളിൽനിന്നെടുത്ത പ്രതിജ്ഞ എല്ലാവിധ കുഴപ്പങ്ങളിൽനിന്നും രക്ഷപ്പെട്ടിരിക്കും എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'നിങ്ങൾ അല്ലാഹു സ്ഥാപിച്ച ജമാഅത്തിൽ അംഗങ്ങളായി എന്ന കാരണത്താൽ നിങ്ങളെ ഉപേക്ഷിക്കുകയും നിങ്ങളിൽനിന്ന് വേർപെട്ടുപോകുകയും ചെയ്തവരോടും നിങ്ങൾ ഉപദ്രവം കാണിക്കുകയോ കലഹിക്കുകയോ ചെയ്യരുത്. എന്നല്ല രഹസ്യമായി അവർക്കുവേണ്ടി ദുആ ചെയ്യുക....എല്ലാവിധ കുഴപ്പങ്ങളുടേയും സംഘർഷങ്ങളുടേയും സ്ഥലത്തുനിന്ന് രക്ഷപ്പെട്ടിരിക്കാനും ചീത്തകൾകേട്ട് ക്ഷമകൈക്കൊള്ളാനും തിന്മയ്ക്കുള്ള മറുപടി നന്മകൊണ്ട് നല്കാനും ആരെങ്കിലും കലഹത്തിനുമുതിർന്നാൽ നിങ്ങൾ അവിടെനിന്ന് തെന്നിമാറാനും മയത്തിൽ മറുപടി കൊടുക്കാനും ആവർത്തിച്ചാവർത്തിച്ച് ഉപദേശിക്കാനാണ് ഞാൻ നിയോഗിതനായിട്ടുള്ളത്.....ഈ ജമാഅത്തിൽപ്പെട്ട ഒരുവൻ ആരോടെങ്കിലും വഴക്കിട്ടുവെന്ന് കേൾക്കുമ്പോൾ ഞാൻ ആ രീതിയെ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ലോകത്ത് ഒരു മാതൃകയാകാനുള്ള ഈ ജമാഅത്ത് തഖ്‌വയുടെ മാർഗമല്ലാത്ത ഇത്തരം വഴി സ്വീകരിക്കുന്നതിനെ അല്ലാഹുവും ഇഷ്ടപ്പെടുന്നില്ല.

രാജ്യദ്രോഹപരമായ വഴികളിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നതാണെന്നുള്ള പ്രതിജ്ഞയും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് വാങ്ങിച്ചു. രാജ്യദ്രോഹത്തിന്റെ ദുർഗന്ധം വമിക്കുന്ന പ്രവർത്തനങ്ങളിൽനിന്ന് രക്ഷപ്പെടാനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നിർദേശിക്കുകയുണ്ടായി.

ശാരീരിക ദുരാവേശങ്ങൾക്ക് അടിപ്പെടുകയില്ലെന്ന പ്രതിജ്ഞയും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് വാങ്ങി. ഇക്കാലത്ത് ടീ വിയും ഇന്റർനെറ്റും മുഖേന ശാരീരിക ദുരാവേശങ്ങൾക്ക് അടിപ്പെട്ടുപോകുന്ന ഒരുപാട് അവസരങ്ങളാണുള്ളത്. അതുകൊണ്ട് ഏതെങ്കിലും ശാരീരികമായ ദുരാവേശത്തെ പ്രോജ്വലിപ്പിക്കുന്നതോ അതിന് വിധേയമാക്കുന്നതോ ആയ ചെറുതിൽ ചെറുതായ കാര്യങ്ങളിൽനിന്നുപോലും രക്ഷപ്പെടാൻ പൂർണമായും ശ്രമിക്കേണ്ടത് ഒരു അഹ്മദിയുടെ നിർബന്ധ കടമയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'അഹ്മദിയ്യത്തിൽ പ്രവേശിച്ചുകൊണ്ട് നിങ്ങൾ അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകളനുസരിച്ച് അഞ്ചുനേര നമസ്കാരം അതിന്റെ എല്ലാ നിബന്ധനകളോടുംകൂടി വീഴ്ചകൂടാതെ നിർവഹിക്കുക എന്ന പ്രതിജ്ഞയും പാലിക്കേണ്ടതാണ്. 10 വയസ്സുള്ള കുട്ടികൾക്കും നമസ്കാരം നിർബന്ധമാണ്. മാതാപിതാക്കൾ ഇതിന് മേൽന്നോട്ടം വഹിക്കേണ്ട ആവശ്യവുമുണ്ട്. ഈ മേൽന്നോട്ടത്തിന്റെ കടമ നിറവേറ്റപ്പെടുന്നത് മാതാപിതാക്കൾ സ്വയം നമസ്കാരത്തിൽ മാതൃകയാകുമ്പോഴാണ്. പുരുഷന്മാർ അഞ്ചുനേര നമസ്കാരം നിബന്ധനകളോടെ നിർവഹിക്കുക എന്നതിന്റെ അർഥം മസ്ജിദിൽപ്പോയി ജമാഅത്തായിട്ട് നമസ്കരിക്കുക എന്നാണ്. രോഗിയാകുകയോ അല്ലെങ്കിൽ ഏതെങ്കിലും അനുവദനീയമായ ഒഴികഴിവുണ്ടാകുകയോ ചെയ്താലൊഴികെ. ഇതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയാൽ നമ്മുടെ പള്ളികൾ നമസ്കാരക്കാരെക്കൊണ്ട് നിറയുന്നതാണ്. ഔദ്യോഗിക ഭാരവാഹികൾമാത്രം ഇതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയാൽതന്നെ ഒരുപാട് വ്യത്യാസമുണ്ടാകുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'നമസ്കാരത്തിൽനിന്ന് വിടുതൽ ആഗ്രഹിക്കുന്നവൻ മൃഗങ്ങളെക്കാളുപരി എന്താണ് ചെയ്യുന്നത്? അവനും മൃഗവും തമ്മിൽ ഒരു വ്യത്യാസവുമില്ല. അതുകൊണ്ട് ഇതിലേക്ക് എല്ലാ അഹ്മദികളും വളരെയധികം പരിശ്രമിക്കേണ്ട ആവശ്യമാണുള്ളത്.

സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കാരവും അനുഷ്ഠിക്കുന്നതാണെന്ന പ്രതിജ്ഞയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്നെടുക്കുകയുണ്ടായി. കാരണം കഴിഞ്ഞുകടന്ന സ്വാലിഹീംകളുടെ വഴിയായിരുന്നു അത്. ദൈവസാമീപ്യത്തിനുള്ള മാർഗവുമാണിത്. ഈ ശീലം പാപങ്ങളെ തടഞ്ഞുനിറുത്തുന്നു. തിന്മകളെ അവസാനിപ്പിക്കുന്നു. ഭൗതികമായ രോഗങ്ങളിൽനിന്ന് രക്ഷ നല്കുന്നു. അതിനാൽ വെറും ആത്മീയമായ ശുശ്രൂഷയല്ല, മറിച്ച് ശാരീരികമായ ശുശ്രൂഷയും കൂടിയാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'നമ്മുടെ ജമാഅത്ത് തഹജ്ജുദ് നമസ്കാരം നിർബന്ധമാക്കേണ്ടതാണ്. അധികമല്ലെങ്കിലും രണ്ടു റക്അത്തെങ്കിലും നമസ്കരിക്കുക. കാരണം അവന് ദുആ ചെയ്യാനുള്ള അവസരം എന്തായാലും കിട്ടുന്നതാണ്. ആ സമയത്തുള്ള ദുആകളിൽ ഒരു പ്രത്യേക ആകർഷണശക്തിയുണ്ടാകുന്നു.'

നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുമെന്നുള്ള പ്രതിജ്ഞയും നമ്മളിൽനിന്ന് അവിടന്ന് എടുക്കുകയുണ്ടായി. നബി(സ)തിരുമേനി പറയുന്നു: 'എന്നിൽ സ്വലാത്ത് ചൊല്ലുന്നവന്റെമേൽ അല്ലാഹു പത്തിരട്ടി കാരുണ്യം വർഷിക്കുന്നതാണ്.' അതിനാൽ സ്വലാത്തിന് വലിയ പ്രാധാന്യമാണുള്ളത്. ദുആ സ്വീകരിക്കപ്പെടുന്നതിനും സ്വലാത്ത് വളരെ അത്യാവശ്യമാണ്. ഹദ്റത്ത് ഉമർ(റ)പറയുന്നു: 'ദുആ ആകാശത്തിനും ഭൂമിക്കുമിടയിൽ നിലച്ചുപോകാറുണ്ട്. നീ നിന്റെ നബിയുടെമേൽ സ്വലാത്ത് ചൊല്ലാത്തിടത്തോളം അതിൽനിന്ന് ഒരു ഭാഗവും മുകളിലേക്ക് പോകുകയില്ല.'

അല്ലാഹുവിനോട് പൊറുക്കലിനെ തേടലും ഇസ്തിഗ്ഫാർ ചെയ്യലും തുടർന്നുകൊണ്ടിരിക്കും എന്നതാണ് മറ്റൊരു പ്രതിജ്ഞ. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ഇസ്തിഗ്ഫാറുമായി അള്ളിപ്പിടിച്ചിരിക്കുന്നവന് അല്ലാഹു എല്ലാ ഞെരുക്കങ്ങളിൽനിന്നും പുറത്തുവരാനുള്ള വഴി ഉണ്ടാക്കിക്കൊടുക്കുന്നു. അവന്റെ എല്ലാ ബുദ്ധിമുട്ടുകളിൽനിന്നും അവന് സമ്പൽ സമൃദ്ധിയുടെ വഴികൾ സൃഷ്ടിച്ചുകൊടുക്കുന്നു. അവൻ ഊഹിക്കാൻപോലും പറ്റാത്ത വഴികളിലൂടെ ആഹാരം നല്കുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'അല്ലാഹു എന്നെന്നേക്കുമായി ഇസ്തിഗ്ഫാർ നിർബന്ധമാക്കിയിരിക്കുകയാണ്. അതായത് മനുഷ്യൻ ബാഹ്യമായതും ആന്തരികമായതും അറിവുള്ളതും അറിവില്ലാത്തതുമായ ഓരോ പാപവും പൊറുക്കുന്നതിനുവേണ്ടി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക.'

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് സ്മരിച്ചുകൊണ്ടിരിക്കുന്നതാണെന്ന പ്രതിജ്ഞയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്ന് എടുക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഏറ്റവും വലിയ അനുഗ്രഹമെന്നത് അവൻ നമുക്ക് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാനുള്ള തൗഫീഖ് നല്കി എന്നതാണ്. അല്ലാഹുവിന്റെ ഈ അനുഗ്രഹം ഓർമവെക്കുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി

ആത്മാർഥ ബന്ധം പുലർത്തുന്നതിനുള്ള ശ്രമവും എപ്പോഴും ഉണ്ടായിരിക്കും. അവിടന്ന് പറഞ്ഞ കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനും ശ്രദ്ധയുണ്ടാകുന്നതാണ്.

ദൈവസ്മരണയും സ്തോത്രവും നിത്യശീലമാക്കുമെന്ന പ്രതിജ്ഞയും നമ്മൾ ചെയ്തിട്ടുള്ളതാണ്. നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹുവിനെ സ്തുതിക്കാതെ ഏത് പ്രവർത്തിചെയ്താലും അത് അനുഗ്രഹരഹിതവും നിഷ്ഫലവുമായിരിക്കും.' നബി(സ)തിരുമേനി പറഞ്ഞു:'ചെറുതിന് നന്ദി കാണിക്കാത്തവൻ വലുതിനും നന്ദി കാണിക്കുകയില്ല. ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നവനല്ല.' അതിനാൽ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള നന്ദിയും രേഖപ്പെടുത്തുംവിധം അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരിക്കുക.

അല്ലാഹുവിന്റെ സൃഷ്ടികൾക്ക് ഒരു ക്ലേശവും ഉണ്ടാക്കുന്നതല്ലെന്ന പ്രതിജ്ഞയും നമ്മൾ ചെയ്തിരിക്കുന്നു. മുസ്‌ലിം സമുദായത്തിന് പ്രത്യേകിച്ചും ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ട് ഒരു ക്ലേശവും ഉണ്ടാക്കുന്നതല്ലെന്ന പ്രതിജ്ഞയാണ് നമ്മൾ ചെയ്തിട്ടുള്ളത്. എത്രത്തോളം വിട്ടുവീഴ്ചാ മനോഭാവത്തോടെ പെരുമാറാൻ കഴിയുമോ, പെരുമാറുന്നതാണ്. ആരെയെങ്കിലും നന്നാക്കിയെടുക്കുന്നതിനുവേണ്ടി ശിക്ഷ കൊടുക്കേണ്ട നിർബന്ധ ഘട്ടം വന്നാൽ, നിയമം കൈയിലെടുക്കാതെ ഭരണകർത്താക്കളെ അത് ഏല്പിച്ചുകൊടുക്കുന്നതാണ്. ആരോടും പകരം വീട്ടുകയില്ല. വിനയവും എളിമയും സ്വശീലമാക്കേണ്ടതാണ്.

എല്ലാ അവസ്ഥകളിലും അല്ലാഹുവിനോടു കൂറു പുലർത്തുമെന്നതാണ് നമ്മൾ ചെയ്ത മറ്റൊരു പ്രതിജ്ഞ. ദുഃഖത്തിലും സന്തോഷത്തിലും അല്ലാഹുവിന്റെ കോന്തല മുറുകെ പിടിക്കുക. അതിനാൽ എല്ലാ അവസ്ഥകളിലും അല്ലാഹുവിലേക്ക് ഓടുക എന്നതാണ് ഒരു സത്യവിശ്വാസിയുടെ ജോലി. അതുണ്ടാകുമ്പോൾ ഈ പ്രതിജ്ഞയേയും നമ്മൾ പൂർത്തിയാക്കുന്നവരായിരിക്കും. അതായത് നമ്മൾ അല്ലാഹുവിന്റെ വഴിയിൽ എല്ലാ നിന്ദ്യതയും ദുഃഖവും വഹിക്കാൻ തയ്യാറായിരിക്കും. ഏതെങ്കിലും വിപത്ത് എപ്പോഴെങ്കിലും വന്നു ഭവിച്ചാൽ മുഖം തിരിച്ചു കളയുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'എന്റേതായിട്ടുള്ളവർക്ക് വിപത്തുകൾ കൊണ്ടും, ദ്രോഹങ്ങളും പീഢനങ്ങളുംകൊണ്ടും ദൈവികമായ പരീക്ഷണങ്ങളും പരീക്ഷകളും കൊണ്ടും എന്നിൽ നിന്ന് വേർപെടാൻ സാധിക്കുകയില്ല.' നമ്മൾ അല്ലാഹുവിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതായിരിക്കേണ്ടതാണ്. അതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. ഇൻശാഅല്ലാഹ് പീഢനവും നിന്ദ്യതയും ഉണ്ടായാലും അത് ഗൗനിക്കാൻ പാടില്ല. ഇതാണ് നമ്മുടെ പ്രതിജ്ഞ.

ദുരാചാരങ്ങളുടെ പിന്നാലെ പോകുകയില്ലെന്നതാണ് ഒരു പ്രതിജ്ഞ. നബി(സ)തിരുമേനി പറഞ്ഞു:'ആരാണോ ദീനിന്റെ കാര്യങ്ങളിൽ ദീനുമായി ബന്ധമില്ലാത്ത ആചാരങ്ങൾ ഉണ്ടാക്കുന്നത് ആ ആചാരങ്ങൾ കൊള്ളരുതാത്തതും അസ്വീകാര്യവുമാണ്. ഇക്കാലത്ത് വിവാഹ-കല്യാണാവസരങ്ങളിൽ തെറ്റായതരത്തിലുള്ള ആചാരങ്ങളും സമ്പ്രദായങ്ങളും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അഹ്മദികൾ അതിൽനിന്ന് ഒഴിഞ്ഞു നില്ക്കേണ്ടതാണ്.

ശാരീരികേച്ഛയ്ക്ക് വഴങ്ങുകയില്ലെന്നതാണ് മറ്റൊരു പ്രതിജ്ഞ. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'തന്റെ നാഥന്റെ മുമ്പിൽ നില്ക്കുന്നതിനെ ഭയപ്പെടുകയും ശരീരേച്ഛകളെ തടഞ്ഞു നിറുത്തുകയും ചെയ്യുന്നവന് സ്വർഗത്തിൽ അവന്റെ സ്ഥാനമുണ്ട്.'

വിശുദ്ധ ഖുർആന്റെ ഭരണത്തിന് പൂർണമായനിലയിൽ വിധേയനായിരിക്കും എന്ന പ്രതിജ്ഞയാണ് പിന്നീടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അതുകൊണ്ട് നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. അല്ലാഹുവിന്റെ അധ്യാപനങ്ങൾക്കും വിശുദ്ധ ഖുർആനിന്റെ നിർദേശങ്ങൾക്കുമെതിരിൽ ഒരു ചുവടുപോലും വെക്കരുത്. ഞാൻ സത്യമായും പറയുന്നു:'വിശുദ്ധ ഖുർആനിന്റെ 700 കല്പനകളിൽ ഏതെങ്കിലും ഒരു ചെറിയ കല്പനപോലും ഉപേക്ഷിക്കുന്നവൻ സ്വന്തംകൈകൊണ്ട് മോക്ഷത്തിന്റെ വാതിൽ അടച്ചുകളയുകയാണ് ചെയ്യുന്നത്.'

അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും നിർദേശങ്ങളെ എല്ലാ ചലനങ്ങളിലും കർമധർമങ്ങളായി സ്വീകരിക്കുമെന്ന പ്രതിജ്ഞയും നമ്മൾ ചെയ്തിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'നമുക്കുള്ളത് ഒരേയൊരു റസൂൽ മാത്രമാണ്. ആ റസൂലിനുമേൽ ഇറങ്ങിയ വിശുദ്ധ ഖുർആനും. അതിനെ പിന്തുടരുന്നതിലൂടെ നമുക്ക് അല്ലാഹുവിനെ പ്രാപിക്കാൻ കഴിയും. അതു കരസ്ഥമാക്കാൻ നമ്മൾ പരിശ്രമിക്കേണ്ടതാണ്.

അഹംഭാവവും മിഥ്യാഭിമാനവും പൂർണമായും ഉപേക്ഷിക്കുമെന്നതാണ് ഒരു പ്രതിജ്ഞ. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ഞാൻ സത്യമായും പറയുന്നു, പുനരുത്ഥാനനാളിൽ ശിർക്കിനുശേഷം അഹംഭാവംപോലെ മറ്റൊരു ബലായുമില്ല. ഇരുലോകത്തും മനുഷ്യനെ നിന്ദ്യനാക്കുന്ന നാശമാണിത്.' അതുകൊണ്ട് നമ്മൾ ഭയപ്പെടേണ്ട സ്ഥാനമാണിത്. വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിക്കുകയാണ്. അഹംഭാവത്തിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. കാരണം അഹങ്കാരം നമ്മുടെ പ്രതാപവാനായ അല്ലാഹുവിന്റെ കണ്ണുകളിൽ ഏറ്റവും വെറുക്കപ്പെട്ടതാണ്.'

വിനീതവും ലളിതവുമായ ജീവിതം നയിക്കുമെന്നതാണ് ഒരു പ്രതിജ്ഞ. നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹുവിനുവേണ്ടി ആരാണോ വിനയവും എളിമയും കൈക്കൊള്ളുന്നത് അല്ലാഹു അവന്റെ ഒരു പദവി ഉയർത്തുന്നതാണ്. അവന് ഇല്ലിയ്യീനിൽ ഇടം നല്കുന്നതാണ്.'

സൽസ്വഭാവം നമ്മുടെ ശീലമാക്കുന്നതാണ്. ഇതും എല്ലാവരും മുന്നിൽ വെക്കേണ്ടതാണ്. പിന്നീടുള്ള പ്രതിജ്ഞയാണ് വിനയവും സുദരിദ്രവുമായ ജീവിതം നയിക്കുമെന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അല്ലാഹുവിനെ അന്വേഷിക്കുന്നുവെങ്കിൽ അഗതികളുടെ ഹൃദയങ്ങൾക്കടുത്ത് അന്വേഷിക്കുക.'

പിന്നീടുനമ്മൾ ചെയ്ത പ്രതിജ്ഞയാണ്, മതത്തേയും മതത്തിന്റെ മാനത്തേയും ഇസ്‌ലാമിക സഹാനുഭൂതിയേയും സ്വന്തം ജീവനെക്കാളും മുതലിനെക്കാളും മാനത്തെക്കാളും എല്ലാ പ്രീതജനങ്ങളെക്കാളും കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ് എന്നത്.

അല്ലാഹുവിനുവേണ്ടി അവന്റെ സൃഷ്ടികളോട് എപ്പോഴും സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കും എന്നതാണ് വേറൊരു പ്രതിജ്ഞ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഓർമിച്ചുകൊള്ളുക! അല്ലാഹു നന്മകളെ വളരെ ഇഷ്ടപ്പെടുന്നു. അവന്റെ സൃഷ്ടികളോടു സഹാനുഭാവത്തോടെ പെരുമാറാൻ അവൻ ആഗ്രഹിക്കുന്നു. ഞാനുമായി ബന്ധം വെക്കുന്ന നിങ്ങൾ ഓർമിക്കുക! ഏതുമതത്തിൽപ്പെട്ടവരോടും നിങ്ങൾ സഹാനുഭാവത്തോടെ പെരുമാറേണ്ടതാണ്. വ്യത്യാസമൊന്നും കൂടാതെ എല്ലാവരോടും നന്മ പ്രവർത്തിക്കുക. കാരണം ഇതാണ് ഖുർആനിന്റെ പാഠം.'

അല്ലാഹു നല്കിയ ശക്തികൾ മുഖേന മനുഷ്യകുലത്തിന് സേവനം ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഇതാണ് ഒരു പ്രതിജ്ഞ. ലോകരുടെ ആത്മീയാഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതും മനുഷ്യകുലത്തിന്റെ സേവനത്തിൽപെടുന്നു. ഭൗതികവും ആത്മീയവുമായ ഫലം എത്തിച്ചുകൊടുക്കുന്നതും നമ്മുടെ നിർബന്ധ കടമയാണ്. അതുകൊണ്ട് ബാഹ്യമായ സഹതാപവും സഹായവും എത്തിക്കുന്നിടത്ത് ആത്മീയമായ ഫലവും എത്തിച്ചുകൊടുക്കേണ്ടതാണ്. സൃഷ്ടിസേവനം ചെയ്യുന്നിടത്ത് ആത്മീയ പ്രബോധനവും മനുഷ്യകുലത്തിന്റെ ഗുണത്തിനായി ചെയ്യേണ്ടത് ഒരു അഹ്ദിയുടെ നിർബന്ധ കടമയാണ്.

കുടുംബ ബന്ധങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ സേവ്യസേവകഭാവങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള സമുന്നതമായ ഒരു ദൃഢ ബന്ധം ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി നമ്മൾ സ്ഥാപിക്കേണ്ടതാണ്.

നമ്മുടെ ദീനീപരവും വൈജ്ഞാനികവും ആത്മീയവും കർമപരവുമായ ശിക്ഷണത്തിനുവേണ്ടി നമ്മളോട് അവിടന്ന് പറഞ്ഞതും ആ മഹാത്മാവിനുശേഷം അഹ്മദിയ്യാ ഖിലാഫത്ത് മുഖേന ജമാഅത്തംഗങ്ങൾവരെ എത്തയിട്ടുള്ളതുമായ ഈ എല്ലാകാര്യങ്ങളും നമ്മൾ അനുസരിക്കേണ്ടതാണ്. കാരണം അത് ശരീഅത്തിന്റെ സംസ്ഥാപനത്തിനുള്ളതാണ്. വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടെ നിർദേശങ്ങളും ജീവിതമാതൃകയും അനുസരിച്ചുള്ളതാണ്. ഇതുകൂടാതെ നമുക്ക് അഭിവൃദ്ധി ഉണ്ടാകുകയില്ല. നമ്മുടെ ഐക്യവും നിലനില്ക്കുകയില്ല. അതുകൊണ്ട് കഴിഞ്ഞ വർഷം നാം നമ്മുടെ പ്രതിജ്ഞ എത്രത്തോളം നിറവേറ്റിയെന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. പോരായ്മകളുണ്ടായിട്ടുണ്ടെങ്കിൽ അതെങ്ങനെ പരിഹരിക്കാമെന്ന് ചിന്തിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'നമ്മുടെ അധ്യാപനത്തെ സ്വന്തം പ്രവർത്തനരൂപരേഖയായി മനസ്സിലാക്കുന്നവരും തങ്ങളുടെ മനഃശ്ശക്തിയും പരിശ്രമവും അനുസരിച്ച് പ്രവർത്തിക്കുന്നവരുമാണ് നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവർ.' അല്ലാഹു നമുക്ക് പൊറുത്തുതന്ന് നമ്മുടെ കഴിഞ്ഞ വർഷത്തെ പോരായ്മകൾ മാപ്പാക്കിത്തരുമാറാകട്ടെ. ഈ വർഷം കൂടുതൽ പരിശ്രമിക്കുന്നതോടൊപ്പം നമ്മുടെ ജീവിതത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹങ്ങൾക്കനുസരിച്ച് വാർത്തെടുക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഹുദൂർ രണ്ട് ജനാസ ഗായിബ് നമസ്കരിപ്പിച്ചു. ഒന്നാമത്തേത് അല്ലാഹ് ദത്താ സാഹിബിന്റെ മകൻ ഗുജ്റൻവാല ജില്ലയിലെ ഭഢിശാഹ് റഹ്മാൻ വാസിയായ ലുഖ്മാൻ ശഹ്സാദ് സാഹിബിന്റെ ജനാസയായിരുന്നു. 2014 ഡിസംബർ 7 ന് സുബ്ഹി നമസ്കാരത്തിനുശേഷം അദ്ദേഹത്തെ വെടിവെച്ചു ശഹീദാക്കി. اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ അദ്ദേഹത്തിന്റെ കുടുംബത്തിൽ അദ്ദേഹം മാത്രമാണ് അഹ്മദി. വിശ്വസ്തതയുടേയും സൽസ്വഭാവത്തിന്റേയും വിനയത്തിന്റേയും സൽഹൃദയത്തിന്റേയും വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അങ്ങേയറ്റം ആത്മാർഥനും ആത്മാർപ്പണ സന്നദ്ധനുമായ യുവാവായിരുന്നു. പർവതസമാനമായ നിശ്ചയദാർഢ്യവും സ്ഥൈര്യവുമായിരുന്നു ലുഖ്മാൻ അഹ്മദ് സാഹിബിന്റേത്. അദ്ദേഹം വളരെയേറെ സഹിഷ്ണുതയുടേയും അസാധാരണമായ സഹനത്തിന്റേയും ദൃശ്യങ്ങൾ കാഴ്ചവെച്ചുകൊണ്ട് സ്വഹാബാക്കളെപ്പോലെ മാതൃക സമർപിച്ചു. അല്ലാഹു ശഹീദിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ജന്നത്തുൽ ഫിർദൗസിൽ ശ്രേഷ്ഠസ്ഥാനം നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് അഹ്മദിയ്യത്തിന്റെ പ്രകാശത്തിൽനിന്ന് അനുഗ്രഹങ്ങളെടുക്കാൻ  തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മഖ്ദൂനിയായിലെ ശഹ്സാദെ സത്താനൂസ് സാഹിബയുടേതായിരുന്നു. 2014 നവംബർ 19 ന് 49-ാം വയസ്സിൽ അവർ വഫാത്തായി. اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ അല്ലാഹു പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്ത് നല്കുമാറാകട്ടെ. അവരുടെ മക്കൾക്കും ഭർത്താവിനും ജമാഅത്തുമായുള്ള ആത്മാർഥതയും കൂറും വർധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 02.01.15
Malayalam Translation : Mau. Mohammad Ismail Alepey For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala